കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 13.11.2026

പ്രസിദ്ധീകരണത്തിന്

ഇന്റേണൽ മാർക്ക് സമർപ്പണം: നവംബർ 16 വരെ

1. അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (ഒക്ടോബർ 2026) പരീക്ഷകളുടെ ഇന്റേണൽ മാർക്കുകൾ സർവകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 16.11.2026 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

2. അഞ്ചാം സെമസ്റ്റർ എഫ് വൈ യു ജി പി (നവംബർ 2026) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് സമർപ്പിക്കുവാനുള്ള അവസാന തീയതി 16.11.2026 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

ഹാൾ ടിക്കറ്റുകൾ

1. അഫിലിയേറ്റഡ് കോളേജുകളിൽ 17/11/2026 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒക്ടോബർ 2026 (റഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഹാൾടിക്കറ്റുകളും നോമിനൽ റോളുകളും വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾ ടിക്കറ്റുകൾ ലഭിക്കാത്ത വിദ്യാർഥികൾ സർവ്വകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്.

2. സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് മഞ്ചേശ്വരം ക്യാമ്പസ്സിലെ മൂന്നാം സെമെസ്റ്റർ ത്രിവത്സര എൽ. എൽ. ബി. (റെഗുലർ 2025 അഡ്മിഷൻ/സപ്ലിമെന്ററി(2022 - 2024 അഡ്മിഷൻ) ഡിഗ്രി നവംബർ 2026 പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ സർവകലാശാല ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (0497 2715264).

ഒന്നാം സെമസ്റ്റർ FYUGP പരീക്ഷ – പരിഷ്കരിച്ച വിജ്ഞാപനം

07.12.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എഫ് വൈ യു ജി പി (റെഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്പ്ളിമെന്ററി) നവംബർ 2026 പരീക്ഷകളുടെ സ്റ്റുഡന്റ് രജിസ്ട്രേഷൻ , കോഴ്സ് സെലെക്ഷൻ എന്നിവ 19.11.2026 മുതൽ 23.11.2026 വരെ നടത്താവുന്നതാണ്. 24.11.2026 മുതൽ 27.11.2026 വരെ ഫീസ് അടയ്ക്കാവുന്നതാണ്. പരിഷ്കരിച്ച വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
അസിസ്റ്റന്റ് രജിസ്ട്രാർ - 1
പരീക്ഷാവിഭാഗം